# പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമ ഉത്തരവ്

വിഷയം :- പൊതു വിദ്യാഭ്യാസം – സ്ക്കൂൾ കുട്ടികളെക്കൊണ്ട് സമ്മാന ക്കൂപ്പൺ വഴി പണം സമാഹരിക്കുന്നത് സംബന്ധിച്ച നടപടി ഉത്തരവ് --

വായന:-

**ഉത്തരവ് നം.എച്ച്(1)/60717/09/ഡി.പി.ഐ. തീയതി: 26..08..2009.**

സ്ക്കൂളുകളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക പി.ടി.എ ഫണ്ടായി സമാഹരിക്കുന്നതിന് പുറമെ പി.ടി.എ.യുടെയും സ്ക്കൂൾ മാനേജ്മെന്റിന്റെയും, പേരിൽ കൂപ്പൺ അച്ചടിച്ച് സ്ക്കൂൾ കുട്ടികളെക്കൊണ്ട് നിർബന്ധമായി പണം പിരിക്കുന്നതായി വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരത്തിലുള്ള പണപ്പിരിവ് ചട്ടങ്ങൾക്ക് വിരുദ്ധമാണ് എന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തി കുട്ടികളെക്കൊണ്ട് പണം സമാഹരിക്കുന്ന സ്ക്കൂൾ അധികൃതർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരേയും ചുമതലപ്പെടുത്തുന്നു. സ്ക്കൂളുകളിലെ ഭൗതിക സൗകര്യം മെച്ചപ്പെടുത്താനും മറ്റും ഉദ്ദേശിച്ച് എന്ന പേരിൽ നടത്തുന്ന പണപ്പിരിവുകൾ ഇതിനാൽ കർശനമായി നിരോധിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഒപ്പ്)
പൊതു വിദ്യാഭ്യാസ ഡയറക്ടർ.

//അംഗീകാരത്തോടെ//

**കെ.കൃഷ്ണൻകുട്ടി,**
അഡീഷണൽ വിദ്യാഭ്യാസ ഡയറക്ടർ (ജനറൽ)
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

**പകർപ്പ്:-**

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2) ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അയയ്ക്കുന്നു.

a.t.26/8